**തർഹ്യേവ തന്നാഭി സരസ്സരോജ**
**മാത്മാനമംഭഃ ശ്വസനം വിയച്ച**
**ദദർശ ദേവോ ജഗതോ വിധാതാ**
**നാതഃപരം ലോകവിസർഗ്ഗദൃഷ്ടിഃ (3–8–32)**

മൈത്രേയമുനി പറഞ്ഞു:
നിങ്ങളുടെ കുലമത്രയും ഈ ചോദ്യം ചോദിക്കയാൽ ധന്യധന്യമായിരിക്കുന്നു. ഭഗവാൻ സ്വയം വെളിപ്പെടുത്തിയതും മാമുനിപരമ്പരകൾവഴി തലമുറകളായി പറഞ്ഞുകൊണ്ടിരിക്കുന്നതുമായ ഭാഗവത പുരാണം ഞാൻ നിങ്ങൾക്ക് വിവരിച്ചു തരാം.

സൃഷ്ടിക്കു മുൻപ് ഭഗവാൻ യോഗനിദ്രയിൽ ആദിജലത്തിൽ സ്വാനുഭൂതിയിൽ ലയിച്ചു കിടന്നു. കഴിഞ്ഞ കാലചക്രത്തിലെ ജീവജാലങ്ങളുടെ സൂക്ഷ്മശരീരങ്ങൾ ഭഗവാനിൽ അന്തർലീനമായിരുന്നു. കാലം മാത്രമേ ഉണർന്നിരുന്നുള്ളൂ. ഭഗവദിച്ഛക്കനുസരിച്ച് അവിടുന്ന് നിശ്ചയിക്കുന്ന മാത്രകളിൽ സൃഷ്ടിവാസന യുണർത്തുന്ന ജോലിയും കാലത്തിനായിരുന്നു. ഭഗവാനിൽ അസംഖ്യം ലോകങ്ങൾ ലീനമായിരുന്നു. ഈ ലോകങ്ങളാകട്ടെ കാലത്തിൻെറ നിയന്ത്രണത്തിൽ ഗുണസ്വഭാവമനുസരിച്ച് ഇളകിമറിഞ്ഞുകൊണ്ടേയിരുന്നു. ഈ ഇളകിലിൽ ഭഗവൽനാഭിയിൽനിന്നും പുറത്തുവന്ന സൂക്ഷ്മവസ്തുവിന് താമരപ്പൂവിൻെറ ആകൃതിയുണ്ടായിരുന്നു. അത് ആദിജലത്തിൽ സൂര്യബിംബം പോലെ ശോഭിച്ചു. അതിൽ സൃഷ്ടികർത്താവായ ബ്രഹ്മാവു പ്രത്യക്ഷമായി. ഭഗവാൻ സ്വയം ബ്രഹ്മാവായി രൂപമെടുത്തു. ബ്രഹ്മാവ് നാലു ദിശകളിലേക്കും നോക്കി നാന്മുഖനായി. അദ്ദേഹം സ്വയം ചോദിച്ചു 'ഞാനാരാണ്?'. എന്നെ നിലനിർത്തുന്നതെന്ത്? താമരയായ എൻെറ വാസസ്ഥലത്തെ എങ്ങിനെയാണ് താങ്ങിനിർത്തിയിരിക്കുന്നത്?. ബ്രഹ്മാവ് ആദിജലത്തിൽ മുങ്ങിയിറങ്ങി തൻെറ ഉത്ഭവത്തെപ്പറ്റിയറിയാൻ ഏറെസമയം ജലത്തിൽക്കഴിഞ്ഞു. കാലം ഭഗവാൻെറ സുദർശനമത്രെ. കാലചക്രം ഒരുവൻെറ ആയുസ്സിനെ നിമിഷംപ്രതി കുറച്ചു കളയുന്നു. ബ്രഹ്മാവ് ഈ യത്നം ഉപേക്ഷിച്ച് തീവ്രധ്യാനത്തിൽ ഏർപ്പെട്ടു. നൂറുവർഷത്തെ കഠിന തപസ്സിനുശേഷം വിജ്ഞാനത്തിൻെറ വെളിച്ചം ബ്രഹ്മദേവനിൽ പ്രകാശിച്ചു. വിശ്വംമുഴുവൻ മുങ്ങിയിരിക്കുന്ന ആദിജലത്തിൽ ഭഗവാൻ വിഷ്ണു ശേഷനാഗത്തിൻെറപുറത്തു ശയിക്കുന്നു. (ശേഷനാകട്ടെ മുൻ കാലചക്രങ്ങളിലെ ജീവജാലങ്ങളുടെ വാസനാശേഷമാണ്.)

ഭഗവൽപ്രകാശവുമായി താരതമ്യപ്പെടുത്താൻ മറ്റൊന്നുമില്ല. എല്ലാ ലോകങ്ങളും അവകളിലെ ചരാചര പ്രപഞ്ചങ്ങളും ഭഗവാനിൽ ഒളിഞ്ഞിരിക്കുന്നു. സൂര്യചന്ദ്രന്മാർക്കു പോലും അപ്രാപ്യനായിരിക്കുന്ന ഭഗവാനു ചുറ്റും ദിവ്യായുധങ്ങൾ ചുറ്റിക്കൊണ്ടേയിരിക്കുന്നു. സൃഷ്ടിവാഞ്ഛയാൽ ബ്രഹ്മദേവൻ വിശ്വനിർമ്മിതിക്കായി തൻെറ താങ്ങായിരിക്കുന്ന താമരയേയും ആദിജലത്തേയും ആദിശബ്ദത്തേയും ആകാശത്തേയും തന്നെത്തന്നേയും മനസ്സിൽക്കണ്ടു. പിന്നെ മനസ്സിനെ ഭഗവാനിലുറപ്പിച്ചുകൊണ്ട് അവിടുത്തെ മഹിമകൾ വാഴ്ത്താൻ തുടങ്ങി.